# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 4560.

28..6..2013-ൽ മറുപടിക്ക്

## ക്ഷീരസഹകരണ സംഘങ്ങളെ ആധുനീകരിക്കാനായി പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ: | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരമേഖലയുടെ പുരോഗതിക്കായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ; എന്തെല്ലാം പ്രോജക്ടുകൾ ആണ് നിലവിൽ നടപ്പിലാക്കി വരുന്നത്; | (എ) പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഡയറി യൂണിറ്റുകൾ തുടങ്ങുന്നതിന് ധനസഹായം, അയൽ സംസ്ഥാനങ്ങളിൽ നിന്നും സങ്കരയിനം പശുക്കളെ വാങ്ങുന്നതിനായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, തീറ്റച്ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽ കൃഷിവികസന പദ്ധതി, കർഷകർ സംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായി സബ്സിഡി അനുവദിക്കുന്ന കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, ക്ഷീരസഹകരണ സംഘങ്ങൾ വഴി നടപ്പാക്കുന്ന പദ്ധതികൾ എന്നിവ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേന ക്ഷീരകർഷക പെൻഷൻ, കുടുംബ പെൻഷൻ, വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം എന്നീ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>കൂടാതെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രപദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ്, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവപശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവമൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവമൃഗങ്ങൾക്ക് വില യിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺ കിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവയന്ത്ര വിതരണം, ക്ഷീരകർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവ മിൽമ ക്ഷീരകർഷകർക്ക് നൽകി വരുന്നു. |

(ബി) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന പാലിന്റെയും, അന്യസംസ്ഥാനത്ത് നിന്നും വരുന്ന പാലിന്റെയും ഗുണ നിയന്ത്രണങ്ങൾ ക്ഷീരവികസന വകുപ്പ് എങ്ങനെയാണ് നടത്തുന്നതെന്ന് വിശദീകരിക്കാമോ;

(ബി) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മുഴുവൻ ബ്രാൻഡുകളുടെയും സാമ്പിളുകൾ എല്ലാ ജില്ലകളിലെയും ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ ശേഖരിച്ച് ലാബുകളിൽ പരിശോധന നടത്തുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുവാൻ ക്ഷീരവികസന വകുപ്പിൻ കീഴിൽ സ്ഥിരം സംവിധാനമില്ല. എന്നാൽ, ഓണക്കാലത്ത് ക്ഷീര വികസന വകുപ്പ് ചെക്ക് പോസ്റ്റുകളിൽ താല്ക്കാലിക ലാബ് സ്ഥാപിച്ച് പരിശോധന നടത്തിവരുന്നു.

ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് 2006 നിലവിൽ വന്നതോടു കൂടി പാലിന്റെ ഗുണ നിലവാര പരിശോധന ഉൾപ്പെടെയുള്ള നടപടികൾ ഫുഡ് സേഫ്റ്റി കമ്മിഷണറിൽ നിക്ഷിപ്തമാക്കി യിട്ടുണ്ട്. അതിൻപ്രകാരം അന്യ സംസ്ഥാനത്ത് നിന്നെത്തുന്ന പാലിന്റെ സാമ്പിളുകൾ ഉൾപ്പെടെ മാർക്കറ്റിൽ ലഭ്യമാകുന്ന പാൽ സാമ്പിളുകൾ ഫുഡ് സേഫ്റ്റി ഓഫീസർമാർ ശേഖരിച്ച് ഫുഡ് സേഫ്റ്റി കമ്മിഷണറുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന അനലിറ്റിക്കൽ ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

(സി) പാലുല്പാദനം വർദ്ധിക്കുന്നതിനായി ക്ഷീരസഹകരണ സംഘങ്ങളെ ഏതെല്ലാം വിധത്തിലാണ് വകുപ്പ് സഹായിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി വിവിധ ധനസഹായങ്ങൾ സംഘങ്ങൾക്ക് നല്കിവരുന്നു. എല്ലാ സംഘങ്ങളിലും പാൽ ശേഖരണം നടത്തുന്നതിനു വേണ്ടി ആട്ടോ മാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിച്ചുവരുന്നു. കൂടാതെ, എല്ലാ ക്ഷീര സംഘങ്ങളെയും കമ്പ്യൂട്ടർ ശൃംഖല വഴി ക്ഷീരവികസന ഓഫീസുമായി ബന്ധിപ്പി ക്കുവാൻ നടപടി നടന്നുവരുന്നു.

ഫുഡ് സേഫ്റ്റി ആക്ട് നിലവിൽ വന്ന സാഹചര്യത്തിൽ ക്ഷീരസംഘങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസിംഗ് എന്നിവ നേടുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കുകയും, ആയതിനു വേണ്ട ട്രെയിനിംഗ് സംസ്ഥാനത്തെ എല്ലാ ക്ഷീരസംഘങ്ങൾക്കും നല്കുകയുമുണ്ടായി. ഫുഡ് സേഫ്റ്റി ആക്ട് പ്രകാരം പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ ആവശ്യമായ ധനസഹായങ്ങൾ, കളക്ഷൻ റൂമിന്റെ നവീകരണം, പാലിന്റെ പരിശോധനയ്ക്ക് ആവശ്യമായ രാസവസ്തുക്കൾ വാങ്ങുന്നതിനുള്ള ധനസഹായം എന്നിവയും നല്കിവരുന്നു. ഡെയറി യൂണിറ്റുകൾ സ്ഥാപിക്കുവാൻ ധനസഹായം നല്കുന്നതോടൊപ്പം കേന്ദ്ര ധനസഹായ പദ്ധതിയിലുൾപ്പെടുത്തി ക്ഷീരസംഘങ്ങളുടെ ആധുനീകരണത്തിന് ധനസഹായവും നല്കിവരുന്നുണ്ട്.

| | |
|---|---|
| (ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ ക്ഷീരസഹകരണ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനായി എന്തെല്ലാം പ്രോജക്ടുകൾ നടപ്പിലാക്കി; എത്ര തുക ചെലവഴിച്ചു; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ; | (ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ക്ഷീരസഹകരണ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനായി താഴെപറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. |

**സംസ്ഥാന പദ്ധതി**

1. ഹൈജീനിക് പാൽ സംഭരണ മുറികളുടെ നിർമ്മാണം/ പുനരുദ്ധാരണം.
2. ക്ഷീരസഹകരണ സംഘങ്ങൾക്ക് ആവശ്യകതയുടെ അടിസ്ഥാനത്തിൽ സഹായം ലഭ്യമാക്കൽ.
3. ക്ഷീരകർഷകർക്ക് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക.
4. ക്ഷീരസഹകരണ സംഘങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്നതിനനുസരിച്ച് പ്രവർത്തിക്കാൻ പര്യാപ്തമാക്കുക.
5. ക്ഷീരസഹകരണ സംഘങ്ങൾക്ക് പാൽ സംസ്കരണം/ പാക്കിംഗ്/ചില്ലിംഗ്/കാലിത്തീറ്റ യൂണിറ്റുകൾ എന്നിവ ആരംഭിക്കുന്നതിന്/ശക്തിപ്പെടുത്തുന്നതിന് സഹായം.
6. ആട്ടോമാറ്റിക് പാൽ സംഭരണ യൂണിറ്റുകൾ (എ.എം.സി.യു.)
7. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ പാൽ റൂട്ടുകളിലേയ്ക്ക് പാൽ എത്തിക്കുന്നതിനുള്ള സഹായം.
8. ക്ഷീരസംഘങ്ങൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള പദ്ധതി.
9. വിവിധ റീജിയണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് യൂണിയനുകൾ വഴി പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും, പാൽ സംഭരണം/സംസ്കരണം ശക്തിപ്പെടുത്തുന്നതിനും, കന്നുകാലിത്തൊഴുത്ത് നവീകരിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ)**

1. ക്ഷീരസംഘങ്ങൾക്ക് പാൽ സംസ്കരണം/ പാക്കിംഗ്/ ചില്ലിംഗ്/കാലിത്തീറ്റ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിന്/ശക്തിപ്പെടുത്തുന്നതിന് ധനസഹായം.
2. ആട്ടോമാറ്റിക് പാൽ സംഭരണ യൂണിറ്റുകൾ (എ.എം.സി.യു.)
3. മിൽക്ക് അനലൈസർ വാങ്ങുന്നതിനുള്ള ധനസഹായം

**എസിഎ ആന്റ് പതിമൂന്നാം ധനകാര്യ കമ്മീഷൻ.**

1. ക്ഷീരസംഘങ്ങൾക്ക് പാൽ സംസ്കരണം/ പാക്കിംഗ്/ ചില്ലിംഗ്/കാലിത്തീറ്റ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിന്/ശക്തിപ്പെടുത്തുന്നതിന് ധനസഹായം.
2. ആട്ടോമാറ്റിക് പാൽ സംഭരണ യൂണിറ്റുകൾ(എ.എം.സി.യു.)

മേൽ പദ്ധതികളിലൂടെ ജില്ലാടിസ്ഥാനത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

(ഇ) പ്രസ്തുത കാലയളവിൽ എത്ര ക്ഷീര സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കുമോ;

(ഇ) 05/2011 മുതൽ 03/2013 വരെയുള്ള കാലയളവിൽ എഴുപത്തിയെട്ട് ക്ഷീരസംഘങ്ങൾ രജിസ്റ്റർ ചെയ്തു. ജില്ലാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

(എഫ്) 2006-2011 കാലഘട്ടത്തിൽ സംസ്ഥാനത്ത് എത്ര ക്ഷീരസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ;

(എഫ്) 2006-2011 കാലഘട്ടത്തിൽ സംസ്ഥാനത്ത് 325 ക്ഷീരസംഘങ്ങൾ രജിസ്റ്റർ ചെയ്തു. ജില്ലാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.

(ജി) ക്ഷീരോല്പാദനം ലാഭകരമാക്കുന്നതിനായി എവിടെയെല്ലാം പച്ചപ്പുല്ല് ഫാം പ്രവർത്തിക്കുന്നുണ്ട്; എത്ര ഏക്കർ പുൽകൃഷി നടപ്പിലാക്കി വരുന്നു; ക്ഷീരകർഷകർക്ക് പുൽകൃഷി സംബന്ധിച്ച് എന്തെല്ലാം പഠന സൗകര്യങ്ങൾ ആണ് തിരുവനന്തപുരം വലിയതുറ സ്വീവേജ് ഫാമിൽ ഒരുക്കിയിട്ടുള്ളത്; 2011-12, 2012-13 കാലഘട്ടത്തിൽ കർഷകർക്കായി എന്തെല്ലാം പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു; എത്ര കർഷകർക്ക് അതിന്റെ ഗുണം ലഭിച്ചു?

(ജി) ക്ഷീരോല്പാദനം ലാഭകരമാക്കുന്നതിനായി വലിയതുറ സ്വീവേജ് ഫാമിൽ പച്ചപ്പുല്ല് ഫാം പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ ഏകദേശം 45 ഏക്കറിൽ പുൽകൃഷി നടപ്പിലാക്കി വരുന്നു. ക്ഷീരകർഷകർക്ക് പുൽകൃഷി സംബന്ധിച്ച് പഠന സൗകര്യങ്ങൾ വലിയതുറ സ്വീവേജ് ഫാമിൽ ലഭ്യമാണ്. കൂടാതെ ക്ഷീരകർഷകർക്ക് സ്വീവേജ് ഫാം കാണുന്നതിനും, പ്രവർത്തനം വിശദമാക്കുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്.

2011-12, 2012-13 കർഷകർക്ക് തിരുവനന്തപുരം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വലിയതുറ സ്വീവേജ് ഫാമിൽ വച്ച് നടത്തിയ പരിശീലന പരിപാടിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പരിശീലന തീയതി | പങ്കെടുത്തവരുടെ എണ്ണം. |
|---|---|---|
| 2011-12 | 24..10..2011-25..10..2011 | 68 |
| 2012-13 | 13..8..2012-14..8..2012 | 41 |

ക്ഷീരപരിശീലന കേന്ദ്രത്തിൽ നിന്നും പരിശീലനാർത്ഥികളെ ഫാമിൽ കൊണ്ടു പോയി തീറ്റപ്പുൽകൃഷിയെ സംബന്ധിച്ച് മനസ്സിലാക്കുന്നതിനുള്ള അവസരം നല്കാറുണ്ട്. കൂടാതെ പുൽകൃഷി ചെയ്യുന്ന കർഷകർക്ക് ഫാമിൽ നിന്നും തീറ്റപ്പുൽക്കട വിതരണം ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

അനുബന്ധം - 3

## സംസ്ഥാനത്ത 2006-07 മുതൽ 2012-13 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷീര സംഘങ്ങളുടെ എണ്ണം

(അനുബന്ധം – 3)

| ജില്ല | 2006-07 | 2007-08 | 2008-09 | 2009-10 | 2010-11 | 2011-12 | 2012-13 | ആകെ |
|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 2 | 5 | 8 | 7 | 3 | 2 | 1 | 28 |
| കൊല്ലം | 2 | 2 | 4 | 2 | 0 | 0 | 1 | 11 |
| പത്തനംതിട്ട | 3 | 0 | 2 | 1 | 0 | 0 | 0 | 6 |
| ആലപ്പുഴ | 2 | 1 | 1 | 3 | 2 | 1 | 0 | 10 |
| കോട്ടയം | 5 | 3 | 6 | 3 | 1 | 3 | 3 | 24 |
| ഇടുക്കി | 2 | 3 | 5 | 5 | 0 | 3 | 2 | 20 |
| എറണാകുളം | 7 | 5 | 2 | 4 | 1 | 1 | 0 | 20 |
| തൃശ്ശൂർ | 1 | 1 | 2 | 1 | 2 | 1 | 2 | 10 |
| പാലക്കാട് | 6 | 6 | 2 | 5 | 4 | 1 | 5 | 29 |
| മലപ്പുറം | 2 | 15 | 11 | 12 | 2 | 6 | 10 | 58 |
| കോഴിക്കോട് | 5 | 9 | 8 | 3 | 5 | 2 | 6 | 38 |
| വയനാട് | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| കണ്ണൂർ | 1 | 8 | 7 | 5 | 3 | 3 | 3 | 30 |
| കാസർഗോഡ് | 11 | 9 | 6 | 6 | 5 | 4 | 0 | 41 |
| **ആകെ** | *49* | *67* | *64* | *57* | *28* | *27* | *33* | *325* |

അനുബന്ധം - 1

## *DISTRICT WISE SUMMARY OF THE FUND UTILIZED FOR THE* MODERNIZATION OF DAIRY CO-OPERATIVE SOCIETIES DURING *LAST TWO YEARS (2011-12 & 2012-13*

*(Annexure - 1)*

| FUND UTILIZED (Rs. In Lakhs) | | | | | |
|---|---|---|---|---|---|
| **Sl. No.** | **Districts** | **Under State Plan** | **RKVY** | **13th Finance Commission** | **ACA** |
| 1 | Thiruvananthapuram | 11.46 | 16.5 lakhs | 209 lakhs | |
| 2 | Kollam | 90.80 | - | 165 lakhs | |
| 3 | Pathanamthitta | 86.53 | - | | 6.59 lakhs |
| 4 | Alappuzha | 97.12 | 34.125 lakhs | | 6.59 lakhs |
| 5 | Kottayam | 78.74 | 120 lakhs | 66 lakhs | |
| 6 | Idukki | 132.05 | - | | 6.59 lakhs |
| 7 | Ernakulam | 48.30 | - | | 6.59 lakhs |
| 8 | Thrissur | 95.44 | 112.5 lakhs | | 6.59 lakhs |
| 9 | Palakkad | 137.00 | - | | |
| 10 | Malappuram | 96.30 | - | | 13.9025 lakhs |
| 11 | Kozhikode | 39.9 | - | | 6.59 lakhs |
| 12 | Wayanad | 139.25 | - | | 34.79 lakhs |
| 13 | Kannur | 57.00 | - | | 6.59 lakhs |
| 14 | Kasargode | 55.00 | 14.625 lakhs | 74.8 lakhs | - |

അനുബന്ധം - 2

## Registration of Dairy Co-operative Society during 5/11 - 3/13

(അനുബന്ധം - 2)

| ജില്ല | പുതിയതായി രജിസ്റ്റർ ചെയ്ത ക്ഷീരസംഘങ്ങൾ |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | 2 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 1 |
| കോട്ടയം | 5 |
| ഇടുക്കി | 5 |
| എറണാകുളം | 1 |
| തൃശ്ശൂർ | 4 |
| പാലക്കാട് | 11 |
| മലപ്പുറം | 17 |
| കോഴിക്കോട് | 11 |
| വയനാട് | 0 |
| കണ്ണൂർ | 11 |
| കാസർഗോഡ് | 6 |
| **ആകെ** | *78* |

സെക്ഷൻ ഓഫീസർ